മെട്രോ വാർത്ത

25 August 2017



സിഎംഎഫ്ആർഐയിൽ നടന്ന കാർഷിക വികസന പദ്ധതി വിശദീകരണ പരിപാടിയിൽ കെ.വി. തോമസ് എംപി നവഭാരത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

# കരാർ അടിസ്ഥാനത്തിൽ കൃഷി: പദ്ധതി കേന്ദ്ര സർക്കാർ പരിഗണനയിൽ

**സ്വന്തം ലേഖകൻ**

കൊച്ചി: കാർഷിക ഉത്പാദനം വർധിപ്പിക്കാനും കർഷകർക്ക് വിപണി ഉറപ്പാക്കാനും കരാറടിസ്ഥാനത്തിൽ കൃഷി നടത്തുന്നത് കേന്ദ്രസർക്കാർ പ്രോത്സാഹിപ്പിക്കും. ഇതിനുള്ള മാതൃക കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ പണിപ്പുരയിലാണെന്നു ദേശീയ കാർഷിക ഗവേഷണ കൗൺസിൽ അസിസ്റ്റന്റ് ഡയറക്റ്റർ ജനറൽ ഡോ. പ്രവീൺ പുത്ര പറഞ്ഞു. അഞ്ചു കൊല്ലം കൊണ്ട് രാജ്യത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ കേന്ദ്രസർക്കാർ തയാറാക്കിയ ഏഴിന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ സൊസൈറ്റികളും അംഗീകൃത സൊസൈറ്റികളും കർഷകരുമായി കാർഷികോത്പന്നങ്ങൾ വാങ്ങാൻ കരാറിലേർപ്പെടുന്നതാണ് പരിഗണനയിലുള്ളത്. തമിഴ്നാട്ടിലെ ഉഴവർ ചന്ത, കർണാടകയിലെ സഫൽ ചന്ത തുടങ്ങിയ പ്രാദേശിക കാർഷിക വിപണന കേന്ദ്രങ്ങൾ കർഷകരുമായി കരാറുണ്ടാക്കി കാർഷികോത്പന്നങ്ങൾ വാങ്ങുന്ന പതിവുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എണ്ണപ്പന കർഷകരുമായി ഓയിൽപാമിനും കരാറുണ്ട്. ഇതെല്ലാം കാർഷിക മന്ത്രാലയം പരിശോധിച്ചു വരികയാണ്. മിനിമം വില ഉറപ്പാക്കിയാണ് കരാർ ഉറപ്പിക്കുന്നത്. വിപണി ഉറപ്പാക്കി കൃഷി ചെയ്യുന്നതിനാൽ വിളവെടുപ്പ് കഴിഞ്ഞ് കർഷകർക്ക് നഷ്ടമുണ്ടാകില്ല.

വെബ്സൈറ്റുകളും എസ്എംഎസ് സന്ദേശങ്ങളും ഉൾപ്പെടെ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന സേവനങ്ങൾ കാർഷിക മേഖലയിൽ നടപ്പാക്കി തുടങ്ങിയെന്നും ജനറൽ ഡോ. പ്രവീൺ പുത്ര പറഞ്ഞു. ഐഎസ്ആർഒയുടെ സഹായത്തോടെ നൂതന ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിളകളുടെ നഷ്ടം കണക്കാക്കാൻ നടപടി സ്വീകരിച്ചു വരുകയാണ്. കർഷകർക്ക് മാത്രമുള്ള വെബ്സൈറ്റുകളും പോർട്ടലുകളും പ്രവർത്തിക്കുന്നുണ്ട്.

ആപ്പുകളും കാർഷികമേഖലയുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നു. പുതിയതായി തയാറാക്കിയ സിസിഇ ആപ്പ് (സുവിധ ആപ്പ്) കാലാവസ്ഥ, കമ്പോള വിലനിലവാരം, വിളസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ കർഷകരെ അറിയിക്കാൻ സഹായിക്കുന്നുണ്ട്. പ്രകൃതി ക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ആലിപ്പഴം വീഴ്ച എന്നിവയെ തുടർന്നുണ്ടാകുന്ന കൃഷിനാശവും പ്രതിസന്ധിയും പഠിക്കാൻ ഭുവൻ എന്ന പേരിൽ ആപ്പ് തുടങ്ങി.

ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിൽപ്പന നടത്താൻ ലക്ഷ്യമിട്ട് കഴിഞ്ഞ കൊല്ലം തുടങ്ങിയ ഇ-നാം പദ്ധതിയുടെ ഭാഗമായി ഇതുവരെ 455 വിപണന കേന്ദ്രങ്ങൾ തുറന്നതിൽ 116 വിപണന കേന്ദ്രങ്ങൾ ഓൺലൈൻ വ്യാപാരം തുടങ്ങി. പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികൾ 2017-18 സാമ്പത്തിക വർഷം കംപ്യൂട്ടർവത്കരിക്കും. കർഷകർക്ക് ഏത് പ്രശ്നങ്ങൾക്കും 18001801551 ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടാമെന്നും അദ്ദേഹം പറഞ്ഞു.